STARRED QUESTIONS AND ANSWERS POSTED FOR ANSWER ON 4-2-1964. †

കേരള ഐ. എൻ. ടി. യു. സി. പാസ്സാക്കി അയച്ചിട്ടുള്ള പ്രമേയം.

* 176. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തകാലത്തു് സംസ്ഥാനത്തെ തൊഴിൽരംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന വിഷമസ്ഥിതികളും കണക്കിലെടുത്തുകൊണ്ടു് തന്മൂലം തൊഴിലാളികളും അനുഭവിക്കുന്ന കഷ്ടപ്പാടുകളും ദൂരീകരിക്കപ്പെടുന്നതിനാവശ്യമായ നടപടികളും കൈക്കൊള്ളുണമെന്നാവശ്യപ്പെടുന്ന കേരള ഐ. എൻ. ടി. യു. സി. എക്സിക്യൂട്ടീവു് പാസ്സാക്കിയ പ്രമേയം ഗവണ്മെൻറിനു ലഭിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ആ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും എന്തെല്ലാമാണെന്നു വിശദീകരിക്കാമോ ;

(സി) ഇതിനെ സംബന്ധിച്ചു് ഗവണ്മെൻറു് എന്തെങ്കിലും നടപടികളും സ്വീകരിച്ചിട്ടുണ്ടോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഇല്ല.

(ബി, സി) ഉദിക്കുന്നില്ല.

സ്റ്റേറ്റു് ട്രാൻസ്പോർട്ടു് ബസ്സുകളുടെ മിനിമം ചാർജ്ജു്.

* 177. [3] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റു് ട്രാൻസ്പോർട്ടു് ബസ്സുകളുടെ മിനിമം ചാർജ്ജു് 10 നയാ പൈസാ ആക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ നോട്ടിഫിക്കേഷൻ എന്നാണുണ്ടായതു് ;

(ബി) മിനിമം നിരക്കു് പ്രാബല്യത്തിൽ വരുത്താൻ കാലതാമസം വന്നതു് എന്തുകൊണ്ടാണു് ;

(സി) പ്രൈവറ്റു് ബസ്സുകളിൽ കൂട്ടിയ നിരക്കു് കുറയ്ക്കാൻ എന്തെങ്കിലും നടപടികളും എടുത്തിട്ടുണ്ടോ ;

(ഡി) ട്രാൻസ്പോർട്ടു് നിരക്കു് കുറയ്ക്കുണമെന്ന കാര്യത്തെപ്പറ്റി അന്വേഷിക്കാൻ നിയമിച്ച കമ്മിറ്റി ഇതേവരെ എന്തെല്ലാം പ്രവർത്തികളും ചെയ്തു ;

(ഈ) അതിൻെറ റിപ്പോർട്ടു കിട്ടാൻ കാലാവധി വച്ചിട്ടുണ്ടോ ;

(എഫ്) എന്നു കിട്ടുമെന്നു പ്രതീക്ഷിക്കുന്നു ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 24—9—1963—ൽ.

(ബി) മോട്ടോർവാഹന നിയമം 43-ാം വകുപ്പു് അനുശാസിക്കുന്ന നടപടികളും പൂർത്തിയാകാത്തതുകൊണ്ടു്.

(സി) ഇല്ല.

(ഡി) ട്രാൻസ്പോർട്ടു് നിരക്കിനെക്കുറിച്ചു് അന്വേഷിക്കാൻ നിയമിച്ച കമ്മിറ്റി യാത്രക്കാർ, ബസ്സുടമകളും, ബസ്സിലെ ജോലിക്കാർ തുടങ്ങിയവരിൽ നിന്നും വസ്തുതകളും ശേഖരിക്കുന്നതിനായി പ്രശ്നാവലി പ്രസിദ്ധപ്പെടുത്തുക

† As the sittings of the Assembly 4th, 5th and 6th February 1964 were cancelled, the questions and answers of those days are included in this day's proceedings.

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി. അതിനു ലഭിച്ച മറുപടികളും പഠിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തിലേയും അയൽ സംസ്ഥാനങ്ങളിലേയും ട്രാൻസ്പോർട്ട് വ്യവസായത്തെക്കുറിച്ച് തെളിവെടുക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) 1964 ഫെബ്രുവരി 29-ാം തീയതിക്കകം കിട്ടുമെന്നു പ്രതീക്ഷിക്കുന്നു

ജൂനിയർ ടെക്നിക്കൽസ്കൂളുകൾ

* 178. [4] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തു് എത്ര ജൂനിയർ ടെക്നിക്കൽ സ്കൂൾ വിദ്യാർത്ഥികൾ ഉണ്ട് ;

(ബി) 1963 ഡിസംബർ ആദ്യവാരത്തിൽ ഈ വിദ്യാർത്ഥികൾ പഠിപ്പു് മുടക്കുകയും സ്കൂളുകൾ ബഹിഷ്കരിക്കുകയും ഉണ്ടായോ ;

(സി) ഇതിന്റെ കാരണം സർക്കാർ അന്വേഷിച്ചോ ;

(ഡി) അതിനു സ്വീകരിച്ച പരിഹാര നടപടികൾ എന്തെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 2,702 വിദ്യാർത്ഥികൾ.

(ബി) പലപ്പോഴായി പതിനേഴ് സ്കൂളുകളിലെ വിദ്യാർത്ഥികൾ പഠിപ്പു് മുടക്കുകയും സ്കൂൾ ബഹിഷ്കരിക്കുകയും ചെയ്തു.

(സി) അന്വേഷിച്ചു.

(ഡി) വിദ്യാർത്ഥികൾ ഉന്നയിച്ച ആവശ്യങ്ങളിന്മേൽ ഗവണ്മെന്റു് എടുത്ത നടപടികളുടെ വിശദവിവരങ്ങൾ കാണിക്കുന്ന ഒരു * സ്റ്റേറ്റുമെന്റു് മേശപ്പുറത്തു് വച്ചിട്ടുണ്ട്.

അംഗീകൃത ഗ്രന്ഥശാലകൾ

* 179. [5] ശ്രീ. പി. എസ്സ്. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് ഇപ്പോൾ എത്ര അംഗീകൃത ഗ്രന്ഥശാലകൾ ഉണ്ട് ;

(ബി) 1962-63 സാമ്പത്തികവർഷത്തിൽ ഗ്രന്ഥശാലകൾക്ക് ഗ്രാൻറായി എത്ര തുക നൽകി ;

(സി) ഗ്രാൻറു വിതരണത്തിന്റെ ചുമതലവഹിക്കുന്നതാരാണു് ;

(ഡി) എന്തു മാനദണ്ഡംവച്ചാണു് വിതരണം നടത്തുന്നതു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 3,098.

(ബി) 4,86,005 രൂപാ. (നാലുലക്ഷത്തി എൺപത്തിആറായിരത്തി അഞ്ചുരൂപ)

(സി) വിദ്യാഭ്യാസഡിപ്പാർട്ടുമെന്റു്.

(ഡി) 21-2-1963-ലെ GO. MS. No. 110/Edn.-ൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ചാണു് ഗ്രന്ഥശാലകളെ തരംതിരിക്കുന്നതും, അവക്കു് ഗ്രാൻറു് വിതരണം നടത്തുന്നതും, പ്രസ്തുത ഗവണ്മെന്റു് ഓർഡറിന്റെ പകർപ്പു് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

* Appendix I
† Appendix II

LIBRARY ARCHIVES Kerala Legislative Assembly